**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 539** **23-07-2021 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെയും കോട്ടക്കൽ നഗരസഭയിലെയും കുടിവെള്ള പദ്ധതി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കുറ്റിപ്പുറത്തിനും സമീപ പഞ്ചായത്തുകൾക്കുമായി ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുമ്പോൾ കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് പ്രതിദിനം 15 MLD വെള്ളം നൽകുന്നത് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. കൂടാതെ കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണികൾ, ഇതിലേക്ക് ജലമെത്തിക്കുന്ന പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ ഡിസൈൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ  തയ്യാറാക്കി ഡി.പി.ആർ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. കോട്ടക്കൽ നിയോജകമണ്ഡലം എം.എൽ.എ യുടെ സാന്നിദ്ധ്യത്തിലും നിയമസഭ  മന്ദിരത്തിലെ മന്ത്രിയുടെ ചേംബറിൽ 10/06/2021 ന് 11.30 മണിക്ക് കൂടിയ അവലോകന യോഗത്തിലെ തീരുമാനങ്ങളും അതിൻ മേൽ സ്വീകരിച്ച  തുടർ നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പദ്ധതി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ല എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) | കുറ്റിപ്പുറത്തിനും സമീപ പഞ്ചായത്തുകൾക്കുമായി തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദനഘടകങ്ങളും കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണി, പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ സർവ്വേ  നടപടികൾ പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തി ഡിവിഷൻ തലത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ അവർകളുടെ അദ്ധ്യക്ഷതയിലും ബഹു. കോട്ടക്കൽ നിയോജകമണ്ഡലം എം എൽ എ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവർകളുടെ സാന്നിദ്ധ്യത്തിലും 10/06/2021 ന് 11.30 മണിക്ക് നിയമസഭ മന്ദിരത്തിലെ മന്ത്രിയുടെ ചേംബറിൽ നടത്തിയ അവലോകന യോഗത്തിന്റെ തുടർ നടപടികൾ**

| തീരുമാനം നമ്പർ | യോഗ തീരുമാനം | സ്വീകരിച്ച തുടർ നടപടികൾ |
|---|---|---|
| 1 | കുറ്റിപ്പുറം പഞ്ചായത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ജലനിധി പദ്ധതി പൂർണമായി ജല അതോറിറ്റി ഏറ്റെടുക്കണമെന്നും തുടർന്ന് ബാക്കിയുള്ള പ്രദേശങ്ങളിൽ കൂടി ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സ്രോതസ്സ് നവീകരണമോ പുതിയ സ്രോതസ്സ് കണ്ടെത്തുകയോ ചെയ്ത് കുറ്റിപ്പുറം പഞ്ചായത്തിനാകമാനം ജല ലഭ്യത ഉറപ്പ വരുത്തുന്ന രീതിയിൽ ഒരു പദ്ധതി ആവിഷ്കരിച്ച് ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ജല അതോറിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്. | നിലവിൽ കുറ്റിപ്പുറം പഞ്ചായത്തിൽ ജലനിധി പദ്ധതികളാണ് ഉള്ളത്. കുറ്റിപ്പുറം പഞ്ചായത്തിൽ ഭാഗികമായി വാട്ടർ അതോറിറ്റിയുടെ ബൾക്ക് മീറ്റർ വഴി ജലം നൽകുന്നു. ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം ഈ പഞ്ചായത്തിന് വേണ്ടി കേരള വാട്ടർ അതോറിറ്റി കുറ്റിപ്പുറത്തിനും സമീപ പഞ്ചായത്തുകളായ തിരുനാവായ, അതവനാട്, മാറാക്കര, വളവന്നൂർ, കൽപകഞ്ചേരി എന്നീ പഞ്ചായത്തുകൾക്കുമായി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഭാരതപ്പുഴയിൽ കോരുപ്പുഴയിൽ കിണറും, കുറ്റിപ്പുറം പഞ്ചായത്തിൽ ഇതിനായി 48 MLD WTP യും വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ കുറ്റിപ്പുറം അടക്കം 6 പഞ്ചായത്തുകളിൽ എല്ലാവർക്കും 100 LPCD വെള്ളം വിതരണം ചെയ്യാൻ കഴിയും. ഈ പദ്ധതി സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റി (JJM) യുടെ അംഗീകാരത്തിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. രണ്ട് മാസത്തിനകം തയ്യാറാക്കി ഈ വർഷം ആഗസ്റ്റ് മാസത്തിൽ അർബൻ ജൽ ജീവൻ മിഷൻ പദ്ധതി നിലവിൽ വരുമ്പോൾ കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് അതിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ ഹൈഡ്രോളിക് ഡിസൈനും ഡി.പി.ആറും തയ്യാറാക്കി വരുന്നു. നിലവിൽ കുറ്റിപ്പുറത്ത് സ്ഥാപിക്കുന്ന 48 MLD WTP കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് ആവശ്യമായ ജലം ഉൽപ്പാദിപ്പിക്കാനുതകുന്ന വിധമാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. 14/06/2021 തീയ്യതി കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽ ബഹു. കോട്ടക്കൽ നിയോജകമണ്ഡലം എം.എൽ.എ യുടെയും കോട്ടക്കൽ മുനിസിപ്പാലിറ്റി ചെയർ പേഴ്സണിന്റെയും സാന്നിദ്ധ്യത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്തു. പദ്ധതിയുടെ രൂപരേഖ വിശദീക രിക്കുകയും അംഗീകരിക്കുകയും ചെയ്തു . |